**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആസ്തിവികസനം - കൊടുങ്ങല്ലൂർ നിയോജകമണ്ഡലം - പൊയ്യ ഗ്രാമ പഞ്ചായത്ത് - ക്രിമറ്റോറിയം നിർമ്മാണം - ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിബി)വകുപ്പ്**

**സ.ഉ.(സാധാ) നം./3320/2017/ത.സ്വ.ഭ.വ**

തിരുവനന്തപുരം,തീയതി, 17.10.2017

വായന:- 1) 06/11/2012- ലെ സ.ഉ (അച്ചടി) 332/12/ധന നമ്പർ സർക്കാർ ഉത്തരവ്
2) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 29/06/2017 ലെ ഡി.ബി.7/6200/17/സി.ഇ /തസ്വഭവ(1)നമ്പർ കത്ത്.

**ഉത്തരവ്**

കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തെ പ്രതിനിധികരിക്കുന്ന **ശ്രീ.വി.എസ്. സുനിൽകുമാർ** എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ കീഴിൽ **പ്രോജക്റ്റ് ഐ.ഡി.1751 പൊയ്യ ഗ്രാമ പഞ്ചായത്ത് - ക്രിമറ്റോറിയം നിർമ്മാണം** എന്ന പ്രവൃത്തിയ്ക്ക് ആകെ അടങ്കൽ തുകയായ **30ലക്ഷം രൂപയ്ക്ക് ( മുപ്പത് ലക്ഷം രൂപ മാത്രം)** ഭരണാനുമതി ലഭിക്കുന്നതിന് മുകളിൽ രണ്ടാമതായി വായിച്ച (2) പ്രകാരം തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എൻജിനിയർ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തെ പ്രതിനിധികരിക്കുന്ന **ശ്രീ. വി. എസ്. സുനിൽകുമാർ** എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ കീഴിൽ **പ്രോജക്റ്റ് ഐ.ഡി.1751 പൊയ്യ ഗ്രാമ പഞ്ചായത്ത് - ക്രിമറ്റോറിയം നിർമ്മാണം** എന്ന പ്രവൃത്തിയ്ക്ക് ആകെ **അടങ്കൽ തുകയായ 30ലക്ഷം രൂപയ്ക്ക് ( മുപ്പത് ലക്ഷം രൂപ മാത്രം)** വകുപ്പ്സംബന്ധമായ നടപടിക്രമങ്ങളും മുകളിൽ ഒന്നാമതായി വായിച്ച സർക്കാർ ഉത്തരവും പാലിക്കേണ്ടതാണ് എന്ന വ്യവസ്ഥയോടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു

ആയത് സംബന്ധിച്ച് ചെലവ് **'4515-00-800-96-പ്രോജക്റ്റ്സ് അണ്ടർ എൽ.എ.സി. എ.ഡി.എസ്'** എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എൻ. വിശ്രുതൻ ആചാരി

ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ് തിരുവനന്തപുരം
സെക്രട്ടറി, പൊയ്യ ഗ്രാമ പഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (അ.നം.675/എൻ.സി.സി.3/17/ധന തീ.24/08/17)
ത.സ്വ.ഭ.വ(ഒ.എസ്)വകുപ്പ്(ഡി.ബി.2/55/2017/ത.സ്വ.ഭ.വ)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ